ന്ന. ആൽ. ചി. ഷാന്ദ്
ഉണ്ണക്കാട്

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025 - 26

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതു വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻ പന്തിയിൽ നിലനിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നു. എല്ലാ കുട്ടികൾക്കും മികച്ച, ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ അധ്യാപകരുടെ കൂട്ടായ പരിശ്രമവും, SRG കൂടി മികച്ച തീരുമാനങ്ങളും നടപ്പിലാക്കുന്നു.

കുട്ടികളുടെ ഭാഷാശേഷി വികസനം ആരോഗ്യകായിക വിദ്യാഭ്യാസം, പ്രവൃത്തിപരിചയവും നിർമ്മാണ പ്രവർത്തനങ്ങൾ, ശാസ്ത്ര, സാമൂഹിക അവബോധം തുടങ്ങിയവയെ എല്ലാം മുന്നിൽ കണ്ടു കൊണ്ട്. ഓരോ കുട്ടിയെയും മികവിന്റെ ഉന്നതിയിലെത്തിക്കാൻ വേണ്ടിയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ 2025-26 തയ്യാറാക്കിയത്.

പിന്തുണ ആവശ്യമായ കുട്ടികളെ ചേർത്ത് നിർത്തി രക്ഷിതാക്കളെക്കൂടി പങ്കാളികളാക്കി പ്രത്യേക പ്രവർത്തനപാക്കേജും അക്കാദമിക മാസ്റ്റർപ്ലാനിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ഓരോ കുട്ടിയെയും മികവിന്റെ ഉന്നതിയിലെത്തിക്കുക എന്നതാണ് ഇഞ്ചക്കാട് സ്കൂളിന്റെ പ്രധാന ലക്ഷ്യം.

# പൊതുലക്ഷ്യങ്ങൾ

* ഓരോ കുട്ടിയെയും മികവിലേക്ക് ഉയർത്തുക, അതിന് വേണ്ട പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

* ഓരോ ക്ലാസിലും കുട്ടി നേടേണ്ട എല്ലാ പഠന-ശേഷികളും നേടി എന്ന് ഉറപ്പു വരുത്തുന്നു.

* കുട്ടികളിലെ ഭാഷാപരമായ വികസനം, ശാരീരികമായ വികസനം, സാമൂഹ്യവികസനം എന്നിവയിൽ മുൻതൂക്കം നൽകി അധ്യയനം നടപ്പിലാക്കുന്നു.

* വായന, എഴുത്ത് എന്നിവയിൽ ഓരോ കുട്ടിയെയും സമ്പൂർണ്ണരാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

* ICT യുടെ സഹായത്തോടെ കൂടുതൽ ഫലപ്രദമായി ക്ലാസ്റൂം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

* പിന്തുണാ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രവർത്തന പാക്കേജ് ഓരോ ക്ലാസ്റൂമിലും നടപ്പിലാക്കുന്നു.

* കുട്ടികളെ അവന്റെ ചുറ്റുപാടുമായി ഇണക്കി കണ്ടും കേട്ടും തൊട്ടും അറിഞ്ഞുള്ള പഠനം നടപ്പിലാക്കുന്നു.

* മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കുന്നു.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കാൻ കൂട്ടായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന അധ്യാപക സമൂഹം.
- വർണ്ണക്കൂടാരം, പാർക്ക്, ഉൾപ്പെടെ ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം.
- മികച്ച ലൈബ്രറി, വായനാമൂല, ഗണിതമൂല കമ്പ്യൂട്ടർ പഠന സൗകര്യം.
- കലാപഠനം, പ്രവൃത്തിപരിചയം, കായികപഠനം, എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രവർത്തന പാക്കേജ് രക്ഷിതാവുമൊത്ത് നടപ്പിലാക്കുന്നു.
- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കാൻ വേണ്ട പിന്തുണ നൽകുന്ന SMC, MPTA.
- ശാസ്ത്രസാഹിത്യ പരിഷത്ത്, ജനതാ ക്ലബ് വായനശാല എന്നിവയുമായി ചേർന്ന് സ്കൂളിൽ നടപ്പിലാക്കുന്ന അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ.
- കാർഷിക പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ സംരക്ഷണം, ഹരിതവിദ്യാലയം, മാലിന്യ മുക്ത വിദ്യാലയം എന്നിവയ്ക്ക് നൽകുന്ന പ്രാധാന്യം.

## പരിമിതികൾ

* വായനയ്ക്ക് നല്ല പ്രോത്സാഹനവും നിരവധി പ്രവർത്തനങ്ങളും ചെയ്യുന്നെങ്കിലും മുഴുവൻ കുട്ടികളെയും വായനയിലേക്ക് എത്തിക്കാൻ കഴിഞ്ഞില്ല. ശ്രമങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു.
* കുട്ടികളിൽ 20% കുട്ടികൾ പഠനപിന്നോക്ക അവസ്ഥ നേരിടുന്നവരാണ്. ഈ അധ്യയന വർഷം പ്രത്യേക പ്രവർത്തനങ്ങൾ നടത്തും.
* മത്സരപരീക്ഷയിൽ പൊതുവിജ്ഞാന മേഖലയിൽ കുട്ടികളെ വിജയത്തിലെത്തിക്കാൻ കഴിയണം.
* കുട്ടികൾക്ക് മികച്ചരീതിയിൽ ഉള്ള കളിസ്ഥലത്തിന്റെ പരിമിതി നേരിടുന്നുണ്ട്.
* ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നെങ്കിലും കുട്ടികൾക്ക് Laptop സൗകര്യം കുറവാണ്.

# ഭാഷാ വികസനം

- എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- കുട്ടികളുടെ സ്വതന്ത്രവായന പരിപോഷിപ്പിക്കാൻ [illegible] തിയേറ്റർ പ്രയോജനപ്പെടുത്തുന്നു.
- കുട്ടികളെ സ്വതന്ത്രരചനയ്ക്ക് പ്രോത്സാഹനം നൽകി വായനാകാർഡുകൾ നിർമ്മിക്കുന്നു.
- ഭാഷയുടെ ആന്തരികവും ബാഹ്യവുമായ താളവൈവിധ്യങ്ങൾ പരിചയപ്പെടുത്തി പാഠങ്ങൾക്ക് പ്രാധാന്യം നൽകുന്നു.
- അഭിനയ സാധ്യതകളും പ്രകടനരൂപങ്ങളും പരമാവധി പ്രയോജനപ്പെടുത്തി കുട്ടികൾക്ക് അരങ്ങിനുള്ള വേദി ഒരുക്കുന്നു.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
- സംയുക്തഡയറി, പതിപ്പ്, മാസികകൾ, വായനാകാർഡുകൾ നിർമ്മാണം എന്നീ സാധ്യതകൾ ഭാഷാവികസനത്തിനായി പ്രയോജനപ്പെടുത്തുന്നു.
- വായനാപ്പെട്ടി, വായനമൂല, അമ്മ വായന ഇവ നടപ്പിലാക്കുന്നു.
- ഭാഷാ വികസനത്തിൽ പിന്തുണാപ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുന്നു.

# ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഓരോ ക്ലാസിലും ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കുക.
- ഓരോ മാസവും ഒരു ഇംഗ്ലീഷ് അസംബ്ലി കുട്ടികളുടെയും അധ്യാപക ഇംഗ്ലീഷ് അസംബ്ലിയും കൃത്യമായി നടത്തുന്നു.
- സ്വതന്ത്ര വായന, സ്വതന്ത്ര എഴുത്ത് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.
- ICT സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുന്നു.
- ക്ലാസ് തല വായനമൂലയിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുന്നു.
- സർഗാത്മക രചനകൾ ഇംഗ്ലീഷ് ഭാഷയിൽ നടത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.
- ഇംഗ്ലീഷ് മാസികകൾ, പത്രവായന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.
- ഇംഗ്ലീഷ് ഭാഷാവികസനത്തിനായി പിന്തുണാ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

# ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടി- കൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെ- ടുത്തി പഠനം നടത്തുന്നു.
* ഗണിത വിജ്ഞാനം വർധിപ്പിക്കാൻ ഗണിത ചോദ്യങ്ങൾ എല്ലാ ആഴ്ചയിലും നൽകി ഗണിതപ്പെട്ടി ചോദ്യം നൽകുന്നു. വിജയിക്ക് സമ്മാനവും നൽകുന്നു.
* ഗണിതമൂല, ഗണിതക്ലബ്ബ് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.
* ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാസത്തിൽ ഒരു തവണ ഗണിത അസംബ്ലി നടത്തുന്നു.
* ഗണിത പസിൽ, ഗണിതഗെയിം എന്നിവ. നടത്തി കുട്ടികളിൽ ഗണിത താത്പര്യവും യുക്തി ചിന്ത വർധിപ്പിക്കാനുമുള്ള അവസരം നൽകുന്നു.
* ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തി അവരുടെ സംഭാവനകൾ തിരിച്ചറിയാനുമുള്ള അവസരം നൽകുന്നു.
* ഗണിതം ആസ്വാദ്യകരമാക്കാൻ ICT യും പ്രയോജനപ്പെടുത്തുന്നു.

# പരിസരപഠനം

* ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക ശാസ്ത്രീയ മനോഭാവം വളർത്തുക എന്നിന് വിവിധതരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
* പരീക്ഷണങ്ങൾ പ്രാധാന്യം നൽകുകയും അസംബ്ലിയിൽ പരീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നു.
* പരിസരപഠനം ചുറ്റുപാടുമായ് ഇണങ്ങിയും ജീവിതാനുഭവങ്ങളുമായ് ബന്ധപ്പെടുത്തിയും പ്രാവർത്തികമാക്കുന്നു.
* പരീക്ഷണം നടത്താനും പരീക്ഷണക്കുറിപ്പ് ക്രമം പാലിച്ച് എഴുതാനും പ്രാപ്തമാക്കുന്നു
* ICT സാധ്യതകൾ ശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തുന്നു.
* പരിസരപഠനത്തിന് ഫീൽഡ്ട്രിപ്പുകൾ, പ്രകൃതിപഠനം ഒക്കെ പ്രയോജനപ്പെടുത്തി കുട്ടിക്ക് സ്വയം പഠനത്തിന് പ്രാധാന്യം നൽകുന്നു.
* പരിസരപഠനത്തിൽ സംഘപഠനത്തിനും പ്രാധാന്യം നൽകുന്നു.
* കുട്ടിക്ക് സ്വയം വിലയിരുത്തലിനും പരസ്പര വിലയിരുത്തലിനും അവസരമൊരുക്കി പഠനം സാധ്യമാക്കുന്നു.

## സാമൂഹികാവബോധം

A സമൂഹത്തിലെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

A സാമൂഹിക ചർച്ചകൾ, ബോധവത്ക്കരണ-ക്ലാസുകൾ തുടങ്ങിയവ നടത്തുന്നു.

A സമൂഹവുമായി ബന്ധപ്പെടുത്തിയുള്ള പാഠ്യേതരപ്രവർത്തനങ്ങൾ സാധ്യമാകുന്നു.

A എഴുത്തുകാരന്മാർ, കലാകാരന്മാർ തുടങ്ങി സാമൂഹിക വ്യക്തിത്വങ്ങളെ സ്കൂളുമായി ബന്ധപ്പെടുത്തുന്നു.

## ഐ സി ടി സാധ്യതകൾ

A ICT സൗകര്യം പ്രയോജനപ്പെടുത്തിയാണ് ഓരോ ക്ലാസിലും പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതാക്കുന്നത്.

A പിന്തുണ ആവശ്യമായ കുട്ടികൾക്ക് ICT സാധ്യത കൂടുതൽ പ്രാവർത്തികമാക്കുന്നു.

A കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുന്നു.

A കുട്ടികളുടെ ഗണിതശാസ്ത്ര വികാസം ICT പ്രയോജനപ്പെടുത്തുന്നു.

ആരോഗ്യ കായിക വിദ്യാഭ്യാസം

* കുട്ടികളുടെ നല്ല ആരോഗ്യശീലങ്ങൾ, ശുചിത്വം എന്നിവയ്ക്ക് പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുന്നു.
* കുട്ടികളുടെ മെച്ചപ്പെട്ട ആരോഗ്യം നിലനിർത്താൻ രക്ഷിതാക്കളെ ബോധവാന്മാരാക്കാൻ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
* എല്ലാ കുട്ടികളുടെയും ആരോഗ്യക്ഷമത മെച്ചപ്പെടുത്തുന്നു
* ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം ഒരുക്കുന്നു.
* മാനസികാരോഗ്യം കുട്ടികളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
* മാലിന്യമുക്ത വിദ്യാലയ പരിസരമായും ഹരിതവിദ്യാലയമായും സ്കൂളിനെ പരിപാലിക്കുന്നു.
* സ്കൂളിലും പരിസരത്തും പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിക്കുന്നു.
* കുട്ടികളുടെ മികച്ച പഠനത്തിന് മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുന്നു.
* യോഗാപഠനം, കരാട്ടെ എന്നിവയും Physical education എന്നിവ കൃത്യമായി നടപ്പിലാക്കുന്നു.

## പ്രവൃത്തി പരിചയം

* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
* പാഴ്‌വസ്തുക്കളിൽ നിന്ന് പുനരുപയോഗിക്കാനും പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
* ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
* നിർമ്മാണശില്പശാലകൾ സംഘടിപ്പിക്കുന്നു

## കലാപരിശീലനം

* കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നു.
* കലാഭിരുചി വളർത്തുന്നു.
* ഓരോ കുട്ടിയെയും വേദിയൊരുക്കി അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നു.
* എല്ലാ വെള്ളിയാഴ്ചയും ഒരു മണിക്കൂർ സമയം കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കാനുള്ള സർഗവേള നടത്തുന്നു.
* പാട്ടുകൾ, അഭിനയം, ദൃശ്യാവിഷ്കാരം എന്നിവയിലൂടെ കുട്ടികളുടെ സഭാകമ്പം ഒഴിവാക്കുന്നു.

## പിന്തുണാ പ്രവർത്തനങ്ങൾ

* അധ്യയനവർഷം തുടക്കം തന്നെ പിന്തുണ ആവശ്യമായ കുട്ടികളെ കണ്ടെത്തുന്നു.
* പിന്തുണ ആവശ്യമായ കുട്ടികൾക്കായി പ്രത്യേക പ്രവർത്തനപാക്കേജ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.
* പിന്തുണ ആവശ്യമായ കുട്ടികൾക്ക് വായനാകാർഡുകൾ, ലഘു പുസ്തകവായന പത്രവായന എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.
* പഠനോപകരണം കൂടുതൽ പ്രയോജനപ്പെടുത്തി പഠനം മെച്ചപ്പെത്തിൽ ആക്കുന്നു.
* നിരന്തര പ്രവർത്തനങ്ങൾ, പഠനോത്സവങ്ങൾ എന്നിവയിലെല്ലാം പിന്തുണ ആവശ്യമായ കുട്ടികൾക്ക് അവസരം നൽകുന്നു.
* പിന്തുണ ആവശ്യമായ കുട്ടികൾക്ക് അമ്മയോടൊപ്പം ചേർന്ന് അമ്മവായന നടപ്പിലാക്കുന്നു.

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| കുട്ടികളിൽ ഭാഷാശേഷി വികസനം | ആശയം മനസ്സിലാക്കി സ്വതന്ത്ര രചനയ്ക്കും സ്വതന്ത്രവായനയ്ക്കും അവസരം നൽകുന്നു. * സ്വതന്ത്രരചന | ആഴ്ചയിൽ ഒരുദിവസം | | |
| കുട്ടികൾക്ക് ബാലസാഹിത്യ കൃതികളോട് സ്വതമായ് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. | * ഡയറി. വായനാപ്പെട്ടി * വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. * മികച്ച വായനാക്കുറിപ്പിന് സമ്മാനം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഭാഷാക്ലബ്ബ് | |
| മികച്ച വായനാശീലം വളർത്തുക | * റീഡേഴ്സ് തിയേറ്റർ ഭാഷയുടെ ഭാവവ്യതിയാനങ്ങളും ഭാഷാ ശൈലി വ്യത്യാസവും മനസ്സിലാക്കി വായിക്കാൻ അവസരം പൊതുവേദികളിൽ നൽകുന്നു. | | | |

| | | | | |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളുടെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസിലെ കയ്യെഴുത്ത് മാസികകൾ, പതിപ്പുകൾ എന്നിവ തയ്യാറാക്കുന്നു. | ക്ലാസ് ടീച്ചർ. | | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കൽ | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃക നൽകി അവയെ വിവിധ വ്യവഹാര രൂപത്തിലേക്ക് മാറ്റുന്നു. | ക്ലാസ് ടീച്ചർ | | |
| കുട്ടികളിലെ സർഗാത്മക കഴിവുകൾ വികസിപ്പിക്കൽ | ചുമർപത്രം, കയ്യെഴുത്ത് മാസിക<br>കുട്ടികളുടെ രചനകൾ വികസിപ്പിക്കൽ, പ്രസിദ്ധീകരണം [ചുമർപത്രം, കയ്യെഴുത്ത് മാസിക] | ഓരോ ടേമിലും | വിദ്യാരംഗം ക്ലബ്ബ് | 1000 |
| ആശയങ്ങൾ വിവിധ തരത്തിൽ വികസിപ്പിക്കൽ | രചനോത്സവം<br>അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങൾ മാതൃകകൾ ലളിതമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുന്നു. | * സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.<br>* ക്ലാസ്സ് ലൈബ്രറി സജ്ജമാക്കി ലഘു കഥകൾ, കവിതകൾ ഒരുക്കി വായനമൂല സജ്ജമാക്കുന്നു. | എല്ലാദിവസവും | | |
| [illegible] കുട്ടികളുടെ സർഗാത്മക കഴിവ് വികസിപ്പിക്കൽ | * സംയുക്തഡയറി എഴുത്തിലൂടെ ദൈനംദിനാനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതാനും. കുട്ടികളുടെ സർഗാത്മകത വളർത്താനും പ്രാപ്തരാക്കുന്നു. | എല്ലാദിവസവും നടപ്പിലാക്കുന്നു. | | |
| കുട്ടികളുടെ ഭാഷാ താളവും ഭാവവും ഉൾക്കൊണ്ട്, ഭാഷ ആസ്വദിക്കും മാധ്യമമായ നാടകത്തെ പരിചയപ്പെടുത്തൽ | ഭാഷയുടെ താളവും ഭാവവും ഉൾക്കൊണ്ട്, രക്ഷിതാവിന്റെ പങ്കാളിത്തത്തോടെ CPTA യിലും പൊതുവേദിയിലും നാടകങ്ങൾ നടത്തുന്നു. | മാസത്തിൽ ഒരുതവണ | | |

| | | | |
|---|---|---|---|
| 2 എല്ലാ കുട്ടികളുടെയും സർഗാത്മക കഴിവുകൾ വികസിപ്പിക്കൽ | **സർഗവേള**<br>എല്ലാ ആഴ്ചയിലും വെള്ളിയാഴ്ച ഉച്ചക്കുശേഷം കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്ന വേദിയൊരുക്കുന്നു. കഥപറച്ചിൽ, കവിതാലാപനം തുടങ്ങി വിവിധ വ്യവഹാരരൂപങ്ങളുടെ വേദി | എല്ലാ ആഴ്ചയും | HM<br>ക്ലാസ് അധ്യാപകർ |
| വായനാനുഭവം അഭിനയം വഴി വ്യക്തിത്വവികസനം ആണ് പ്രധാന ലക്ഷ്യം | **റീഡേഴ്സ് തിയേറ്റർ**<br>കുട്ടികൾക്ക് ~~ഭാവം~~ ഭാവത്തോടെ വായിക്കാനുള്ള അവസരം നൽകുന്നു. കഥാപാത്രങ്ങളുടെ സംഭാഷണ ശൈലി, സന്ദർഭത്തിനനുസരിച്ചുള്ള സംഭാഷണം ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം കാഴ്ച വയ്ക്കുന്നു | എല്ലാമാസവും | ക്ലാസ് ടീച്ചർ |
| പിന്നോക്കക്കാരായ കുട്ടികളെ മുന്നിലെത്തിക്കൽ | **അമ്മവായന**<br>കുട്ടിയും അമ്മയും ചേർന്നുള്ള വായന, കുട്ടികളുടെ അവതരണം. | എല്ലാ ആഴ്ചയും | അധ്യാപകർ രക്ഷിതാക്കൾ |

## ഇംഗ്ലീഷ്

| | | | |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ഇംഗ്ലീഷ് അസംബ്ലി<br>ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകർ |
| ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ ആശയവിനിമയം ചെയ്യുന്നു. | ഇംഗ്ലീഷ് ദിനം<br>ആഴ്ചയിൽ ഒരു ദിവസം അധ്യാപകരും കുട്ടികളും ആശയവിനിമയം ഇംഗ്ലീഷ് ഭാഷയിൽ നടത്തുന്നു. | എല്ലാ ആഴ്ചയും വെള്ളിയാഴ്ച | ״ |
| വായനയെ പരിപോഷിപ്പിക്കുക. | ക്ലാസ് ലൈബ്രറി<br>ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് ലഘുപുസ്തകങ്ങൾ ഒരുക്കുന്നു. | | |

| | |
|---|---|
| ഇസ്ലീക്കിലൂടെ ആവിഷ്കാരം ഉൾക്കൊണ്ട് പോസ്റ്ററുകൾ | ഇസ്ലീക് റിവിന്റ് കർവ്<br><br>രമിതാക്കിട്ടുള്ള പങ്കാളിത്തത്തോടെ ഇസ്ലീക് റിവിന്റ് കർവ് നിർമ്മിക്കൽ |
| പിന്തുണാ പ്രവർത്തനങ്ങളിലൂടെ വിഷയം കുട്ടികളിലേക്ക് എത്തിക്കുന്നു | പിന്തുടർപ്രവർത്തനം<br><br>പിന്തുണ ആവശ്യമായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. |

## പരിസരപഠനം

| | | | | |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാ ശേഷികൾ വികസിപ്പിക്കൽ | **പരീക്ഷണ ശില്പശാല**<br>ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ സംഘടിപ്പിക്കുന്നു | ഓരോ ടേമിലും | ക്ലാസ്ടീച്ചർ | |
| ശാസ്ത്ര പഠന താത്പര്യം വളർത്തൽ ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | **പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ**<br>പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | | | |
| ശാസ്ത്രപ്രക്രിയാ ശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങളൊരുക്കൽ | **പരീക്ഷണകിറ്റ് തയ്യാറാക്കൽ**<br>മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ | |

| | | | |
|---|---|---|---|
| | **സാമൂഹികാവബോധം** | | |
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | അതിഥിയെ അറിയൽ<br>പ്രാദേശികമായി പ്രമുഖരായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ്-തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്ടീച്ചർ |
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികമായ ഔന്നത്യം നിലനിർത്തുന്നതിന് | നാട്ടറിവ്<br>നമ്മുടെ ചുറ്റുപാടും തിരിച്ചറിഞ്ഞ് നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുന്നു. | | |
| സമൂഹത്തിന്റെ മുന്നോട്ടുപോക്കിന് സഹായകമാകുന്ന സാമൂഹ്യസ്ഥാപനങ്ങളുടെ പങ്കും തിരിച്ചറിയുന്നതിന് | പൊതുസ്ഥാപനങ്ങൾ<br>പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത് വില്ലേജ്, ആശുപത്രി, ഗ്രന്ഥശാലയിലേക്ക് ഫീൽഡ്‌വിസിറ്റ് നടപ്പിലാക്കൽ | ഒരു മാസത്തിൽ | ക്ലാസ്ടീച്ചർ |

## ICT സാധ്യത

വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക

കുട്ടികൾക്ക് സ്വയംപഠനത്തിനും നിരീക്ഷണത്തിനും അവസരങ്ങൾ ഉറപ്പാക്കി ആശയങ്ങൾ രൂപീകരിക്കുന്നു

പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ കണ്ടെത്താൻ പരിശ്രമിച്ചിട്ടുണ്ട് [ സമയപരിമിതികൾ ഉണ്ടെങ്കിലും പരിമിതികളോടെ ]

IT, ICT പോർട്ടലുകളും, ഡിജിറ്റൽ ടെക്സ്റ്റുകളും വഴി ഒരുപാട് അറിവുകൾ സംഘടിപ്പിക്കുന്നു.

# പ്രവൃത്തി പരിചയം

| | |
|---|---|
| നിർമ്മാണാത്മക കഴിവുകൾ വളർത്തി കുട്ടികളിലും വികസിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നു. |
| നിർമ്മാണാത്മക കഴിവുകൾ വളർത്ത് കുട്ടികളിലും വികസിപ്പിക്കുക | പേപ്പർപേന, പേപ്പർബാഗ് തുടങ്ങിയവയ്ക്ക് പരിശീലനം ആരംഭിക്കുക. |
| ഇതരവിഷയ- ങ്ങളുമായി പ്രവൃത്തിയെ ബന്ധിപ്പി ക്കുക | പ്രാദേശികമായ നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ |

## ആരോഗ്യ കായിക വിദ്യാഭ്യാസം

| | | | | |
|---|---|---|---|---|
| മനസ്സിന്റെ ശക്തിയാണ് ശരീരത്തിന്റെ ആരോഗ്യം എന്ന് മനസ്സിലാക്കി ബോധവൽക്കരണം നൽകുന്നതിന് ലക്ഷ്യം വയ്ക്കുന്നു | ആരോഗ്യവുമായി ബന്ധപ്പെട്ട നിരവധി ബോധവൽക്കരണ ക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും സംഘടിപ്പിക്കുന്നു | | | |
| ഹെൽത്ത് ഫിറ്റ്നസ് പ്രവർത്തനം കുട്ടികൾക്ക് കായികശേഷി വർദ്ധിപ്പിക്കുന്നതിന് | PT പീരിഡിൽ ഫിസിക്കൽ എക്സൈസ്, ഹെൽത്ത്-ഫിറ്റ്നസ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനം നൽകുന്നു | ജൂൺ - മാർച്ച് | SRG | |

| | | | | |
|---|---|---|---|---|
| | **പിന്തുണ പ്രവർത്തനങ്ങൾ** | | | |
| പിന്തുണ ആവശ്യമായ കുട്ടികളെ വിഷയ കുട്ടിക്കൂട്ടങ്ങൾ കൂട്ട എണ്ണുക. | പിന്തുണ ആവശ്യമായ കുട്ടികളെ കണ്ടെത്തി പ്രത്യേക പ്രവർത്തന പാക്കേജ്, വർക്ക്ഷീറ്റുകൾ എന്നിവ തയ്യാറാക്കി നടപ്പിലാക്കുന്നു. | SRG യിലൂടെ [illegible] അധ്യാപകർ. | SRG | |
| | രക്ഷകർത്താവിനൊപ്പം | | | |
| രക്ഷകർത്താവിനെ കൂടി പങ്കാളികളാക്കി പഠന പിന്തുണ ഉറപ്പാക്കുക. | പഠനോപകരണശില്പശാല നടത്തി പിന്തുണാ പ്രവർത്തനങ്ങൾ നടത്തി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ പഠനോപകരണ നിർമ്മാണം നടത്തി കുട്ടികൾക്ക്, ICT സഹായത്തോടെ പിന്തുണ നൽകുന്നു.<br>വായനാകാർഡുകൾ, ചെറു പുസ്തകങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നു. | ജൂൺ- മാർച്ച് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ | |